# മോഡേൺ സ്വകാര്യവത്ക്കരണം: റൊട്ടിക്ക് വില കൂടുന്നു

**അഡ്വ. ആർ. സജു**

കേന്ദ്ര പൊതുമേഖല സ്ഥാപനമായ മോഡേൺ ഫുഡ്സ് ഇന്ത്യ ലിമിറ്റഡ് ഹിന്ദുസ്ഥാൻ ലിവറിന് കൈമാറാൻ ജനുവരി 24ന് കൂടിയ കേന്ദ്ര ക്യാബിനറ്റ് തീരുമാനിച്ചു. 74%ഷെയറുകളാണ് ഹിന്ദുസ്ഥാൻ ലിവറിന് വിൽക്കുന്നത്. ഇതിലൂടെ സർക്കാരിന് 105.45കോടി രൂപ ലഭിക്കും. അവശേഷിക്കുന്ന 26 ശതമാനം ഷെയർ സർക്കാർ നിലനിറുത്തണം. ചില നിബന്ധനകൾക്ക് വിധേയമായാണ് ഷെയർ കൈമാറ്റം നടത്തിയത്. ഹിന്ദുസ്ഥാൻ ലിവറിന് ഷെയർ മറിച്ച് വിൽക്കാൻ അവകാശമില്ല. കമ്പനിയിലെ 7 ഡയറക്ടർമാരിൽ 2പേർ ഗവൺമെന്റ് പ്രതിനിധികൾ ആയിരിക്കും.

1999 ജൂൺ മാസത്തിലാണ് ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മോഡേൺ ഫുഡ് സ്വകാര്യവൽക്കരിക്കൽ തീരുമാനം കൈക്കൊണ്ടത്. ബഹുരാഷ്ട്ര കമ്പനിയായ യൂണിലിവറിന്റെ ഇന്ത്യൻ സബ്സിഡിയായ ഹിന്ദുസ്ഥാൻ ലിവറും, നെസ്ലേയും, ബ്രിട്ടാനിയയും മോഡേൺ ഫുഡ് പിടിച്ചെടുക്കാൻ ശ്രമം നടത്തിയിരുന്നു.

1965ൽ തുടങ്ങിയ ഈ പൊതുമേഖലാസ്ഥാപനം തുടക്കം മുതലെ ലാഭകരമായി പ്രവർത്തിച്ചു വരികയായിരുന്നു. ഇപ്പോൾ പ്രതിവർഷം 268 ദശലക്ഷം സ്റ്റാൻഡേർഡ് ലോവ്സ് ബ്രഡ് ഉല്പാദിപ്പിക്കുന്നുണ്ട്. ഇന്ത്യ ഒട്ടാകെ 14 ഫാക്ടറിയും ഇവയിലെല്ലാമായി 2500 തൊഴിലാളികളും പ്രവർത്തിക്കുന്നുണ്ട്. മോഡേൺ ഫുഡിന്റെ കേരളത്തിലെ ഫാക്ടറി കൊച്ചിലാണ്. വിവിധതരം ബ്രഡിന് പുറമെ കേക്കുകളും ഫ്രൂട്ട്ജൂസുകളും ചില യൂണിറ്റുകളിൽ നിന്നും ഉല്പാദിപ്പിക്കുന്നുണ്ട്. 1998-99 കാലഘട്ടത്തിൽ 7.64 കോടി രൂപ കമ്പനി ലാഭമുണ്ടാക്കിയിരുന്നു.

ലോകത്തിൽ ഏറ്റവും കുറഞ്ഞ വിലക്ക് ബ്രഡ് ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഇവിടെ ബഹുരാഷ്ട്ര കമ്പനികളോ മറ്റ് വൻകിട കമ്പനികളോ ബ്രഡ് ഉല്പാദന രംഗത്ത് പ്രവർത്തിക്കുന്നില്ല. എന്നാൽ മോഡേൺ ഫുഡിന് പുറമെ രാജ്യത്ത് ഒട്ട് അനവധി ചെറുകിട യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മോഡേണിന്റെ ഏറെ പ്രചാരമുള്ള സ്വീറ്റ് ബ്രഡിന് ഇപ്പോൾ 8 രൂപയാണ് വില. ഇതിൽ കൂടിയ വിലക്ക് ബ്രഡ് ഉല്പാദിപ്പിച്ച് മോഡേണിനോട് മത്സരിച്ച് മാർക്കറ്റ് ഉണ്ടാക്കാൻ കഴിയാത്തതുകൊണ്ടാണ് പരസ്യത്തിന്റെ അകമ്പടിയോടെ ഉല്പന്നങ്ങൾ വിറ്റഴിയ്ക്കുന്ന വൻകിട കമ്പനിക്കാർ ഈ മേഖലയിൽ പ്രവേശിക്കാത്തത്. ബ്രഡ് ഉല്പാദനത്തിൽ സർക്കാരിന്റെയും ചെറുകിടക്കാരുടെയും കുത്തക തകർക്കുക എന്നത് ഇന്ത്യയിലെ ബഹുരാഷ്ട്ര കമ്പനികളുടെ ചിരകാല അഭിലാഷമായിരുന്നു. പരസ്യത്തിന്റെ അകമ്പടിയോടെ അല്ല മോഡേൺ ബ്രഡ് വിറ്റഴിച്ചിരുന്നത്. മാർക്കറ്റിംഗിന് ചേർന്ന ഏത് മൃഗീയതയും സ്വീകരിക്കാൻ മടികാണിക്കാത്ത ഹിന്ദുസ്ഥാൻ ലിവർ പരസ്യത്തിലൂടെ ബ്രഡിന്റെ ഉല്പാദനവും വിതരണവും ചുരുങ്ങിയ കാലംകൊണ്ടുതന്നെ ഇന്നത്തേതിൽനിന്നും പലമടങ്ങ് വർദ്ധിപ്പിക്കും. ബ്രഡിന്റെ വില ഒരുവർഷംകൊണ്ട് ഇരട്ടിയാവുകയും ചെയ്യും.

സോഫ്റ്റ് ഡ്രിംഗ്സ് രംഗത്ത് പെപ്സിയും കൊക്കോകോളയും കടന്നുവന്ന് ചെറുകിട സോഫ്റ്റ് ഡ്രിംഗ്സ് ഉല്പാദകരെ നിലംപരിശാക്കിയ തന്ത്രം ബ്രഡിന്റെ കാര്യത്തിലും ആവർത്തിക്കും. കുറഞ്ഞവിലക്ക് ഗുണമേന്മയുള്ള ബ്രഡ് ഉല്പാദിപ്പിക്കുന്ന ചെറുകിട ഉല്പാദകരുടെ കമ്പനികൾ പൂട്ടും അല്ലെങ്കിൽ പൂട്ടിക്കും. ആശുപത്രികളിലും മറ്റ് ആതുര സേവാ സ്ഥാപനങ്ങളിലും വില വർദ്ധനവിന് ആനുപാതികമായി ഫണ്ട് വർദ്ധിപ്പിച്ചില്ല എങ്കിൽ സർക്കാർ ആശുപത്രികളിലെ രോഗികൾക്ക് ഇപ്പോൾ നൽകുന്ന സൗജന്യ ബ്രഡ് വിതരണം സമീപഭാവിയിൽ തന്നെ അവസാനിക്കും.

രാജ്യത്തിന്റെ ക്ഷേമവും തൊഴിലാളികളുടെ സുരക്ഷിതത്വവും ഉല്പന്നങ്ങളുടെ ന്യായവിലയും ക്രൂരമായി തകർക്കുന്ന സ്വകാര്യവൽക്കരണ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നേറുമ്പോൾ അതിനെ നിസ്സംഗതയോടെ നോക്കിക്കാണുന്ന രാഷ്ട്രീയ സമീപനമാണ് ഏറെ ഭീകരം. രാജ്യത്ത് വിതരണം ചെയ്യുന്ന അവസാനത്തെ അപ്പക്കഷണംവരെ ബഹുരാഷ്ട്ര കുത്തകകളുടെ കൈയ്യിൽ അമരുന്നു.